പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 213    04.02.2013-ൽ മറുപടിയ്ക്ക്

## ഗ്രാമീണ സ്റ്റേഡിയങ്ങളുടെ ആധുനികവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ; | (എ) | ലഭ്യമായതായി കാണുന്നില്ല. എന്നാൽ ഇവിടെ ഒരു ആർട്ടിഫിഷ്യൽ സിന്തറ്റിക് ടെറാഫ്ളെക്സ് വോളീബാൾ കോർട്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമീണ സ്റ്റേഡിയങ്ങളുടെ ആധുനികവൽക്കരണത്തിന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. ഗ്രാമീണ സ്റ്റേഡിയങ്ങളിലും ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിവിധ കായിക ഇനങ്ങൾ കളിക്കാൻ സൗകര്യമുള്ള മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, സിന്തറ്റിക് റൺ വേ, ട്രിപ്പിൾ ജംപ് പിറ്റ്, സിന്തറ്റിക് ഹൈജംപ് പിറ്റ്, സിന്തറ്റിക് ഷട്ടിൽ കോർട്ട്, കളിസ്ഥലങ്ങളുടെ അപ്ഗ്രഡേഷൻ, മെച്ചപ്പെട്ട നിലവാരമുള്ള കായിക ഉപകരണങ്ങൾ വാങ്ങുക എന്നിവ ലക്ഷ്യമിട്ട്, 'Sports Minister's Infrastructural Leap to Execellence' (SMILE) എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം കളിസ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നറിയിക്കുമോ ? | (സി) | കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം, ആ പ്രദേശത്തുള്ളവരുടെ കായിക മികവ്, ആ പ്രദേശത്തെ മുഴുവൻ ആൾക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിലുള്ളതാണോ എന്നീ മാനദണ്ഡങ്ങൾക്കു വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള കായിക വകുപ്പിന്റെ സമ്മതപത്രം സഹിതമുള്ള അപേക്ഷ കായികവകുപ്പ് മന്ത്രി ചെയർമാനായുള്ള ഹൈലെവൽ കമ്മിറ്റി പരിശോധിക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ